©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
ശനി
Thiruvananthapuram,
Saturday

2025 ആഗസ്റ്റ് 23
23rd August 2025
1201 ചിങ്ങം 7
7th Chingam 1201
1947 ഭാദ്രം 1
1st Bhadra 1947

നമ്പർ
No.
3058

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്—ജീവനക്കാര്യം—സീനിയർ ബയോളജിസ്റ്റ് തസ്തികയുടെ 31-5-2025 വരെയുള്ള കാലയളവിലെ അന്തിമ സീനിയോറിറ്റി പട്ടിക അംഗീകരിച്ചും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ O.A. 587/2025 നമ്പർ കേസിലെ 17-6-2025, 16-7-2025 എന്നീ തീയതികളിലെ ഉത്തരവുകൾ പാലിച്ചും—അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു

ആരോഗ്യ കുടുംബക്ഷേമ (എച്ച്) വകുപ്പ്

സ. ഉ. (അച്ചടി) നമ്പർ 81/2025/H & FWD. **തിരുവനന്തപുരം, 2025 ആഗസ്റ്റ് 19.**

പരാമർശം:—(1) 18-2-2017 തീയതിയിലെ സ.ഉ. (എംഎസ്.) നമ്പർ 27/2017/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) കോഴിക്കോട് ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് സീനിയർ ബയോളജിസ്റ്റ് ശ്രീമതി സബിത എസ്.-ന്റെ 14-3-2025, 26-3-2025 എന്നീ തീയതികളിലെ അപേക്ഷകൾ.

(3) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 26-4-2025 തീയതിയിലെ ഇജി1-9604/2025/ആ.വ.ഡ. നമ്പർ കത്ത്.

(4) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. 587/2025 നമ്പർ കേസിലെ 17-6-2025-ലെ ഇടക്കാല ഉത്തരവ്.

(5) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 8-7-2025 തീയതിയിലെ ഇ.എസ്.2/13732/2025/ആ.വ.ഡ. നമ്പർ നടപടിക്രമം.

(6) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.587/2025 നമ്പർ കേസിലെ 16-7-2025-ലെ ഉത്തരവ്.

(7) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 6-8-2025 തീയതിയിലെ ഇ.എസ്.2/13732/2025/ആ.വ.ഡ. നമ്പർ കത്ത്.

ഉത്തരവ്

കോഴിക്കോട് ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് സീനിയർ ബയോളജിസ്റ്റായ ശ്രീമതി സബിത എസ്., പരാമർശം (1)-ലെ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി 1:1 എന്ന അനുപാതത്തിനുപകരം അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് (ഫൈലേറിയ) തസ്തിക ജില്ലാ മലേറിയ ഓഫീസർമാർക്കും അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് (എന്റമോളജി) തസ്തിക സീനിയർ ബയോളജിസ്റ്റുമാർക്കുമായി അനുവദിച്ച് ഉത്തരവാകണമെന്നും അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് (എന്റമോളജി) തസ്തികയിലേക്കുള്ള 2025-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തി ടി തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം അപേക്ഷകൾ സമർപ്പിച്ചിരുന്നു.

2. മേൽ ആവശ്യവുമായി ശ്രീമതി സബിത എസ്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ O.A. 587/2025 നമ്പർ കേസ് ഫയൽ ചെയ്യുകയും ടി കേസിലെ ബഹു. ട്രിബ്യൂണലിന്റെ പരാമർശം (4) പ്രകാരമുള്ള 17-6-2025-ലെ ഇടക്കാല ഉത്തരവിൽ 6 ആഴ്ചയ്ക്കകം സീനിയർ ബയോളജിസ്റ്റ് തസ്തികയുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കണമെന്നും ബഹു. കേരള ട്രിബ്യൂണലിന്റെ 16-7-2025-ലെ പരാമർശം (6)-ലെ ഉത്തരവ് പ്രകാരം, അന്തിമ സീനിയോറിറ്റി പട്ടിക ഉടൻതന്നെ സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്യണമെന്നും നിർദ്ദേശിച്ചിരുന്നു.

3. ആരോഗ്യ വകുപ്പിലെ സീനിയർ ബയോളജിസ്റ്റ് തസ്തികയുടെ 31-5-2025 വരെയുള്ള കാലയളവിലെ താത്കാലിക സീനിയോറിറ്റി പട്ടികയുടെ കരട് പട്ടിക പരാമർശം (5) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ തയ്യാറാക്കിയിരുന്നു. പ്രസ്തുത പട്ടികയിന്മേൽ ഡോ. രാജേഷ് ആർ., ജില്ലാ വെക്ടർ ബോൺ ഡിസീസസ് കൺട്രോൾ ഓഫീസർ (HG) ആക്ഷേപം ഉന്നയിച്ചിരുന്നു. താത്കാലിക സീനിയോറിറ്റി പട്ടികയിലെ ഓഫീസർമാരുടെ ട്രെയിനിംഗ് യോഗ്യത സംബന്ധിച്ചാണ് പ്രസ്തുത ആക്ഷേപം. ഈ പരാതിയിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടർ 5-8-2025-ൽ ഹിയറിംഗ് നടത്തുകയും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ട്രെയിനിംഗ് യോഗ്യത ഉദ്യോഗക്കയറ്റത്തിനുള്ള ഡി.പി.സി. (ഹയർ) ചേരുന്ന വേളയിൽ പരിശോധിക്കേണ്ട ഒന്നാണെന്നും സീനിയോരിറ്റി പട്ടിക തയ്യാറാക്കുന്നതുമായി അതിനു ബന്ധമൊന്നുമില്ലെന്നും തീരുമാനിച്ചു. അപ്രകാരം ട്രെയിനിംഗ് യോഗ്യത ഒഴിവാക്കി ആരോഗ്യ വകുപ്പിലെ സീനിയർ ബയോളജിസ്റ്റ് തസ്തികയുടെ 31-5-2025 വരെയുള്ള കാലയളവിലെ കരട് അന്തിമ സീനിയോരിറ്റി പട്ടിക പരാമർശം (7) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

4. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള ആരോഗ്യ വകുപ്പിലെ സീനിയർ ബയോളജിസ്റ്റ് തസ്തികയുടെ 31-5-2025 വരെയുള്ള കാലയളവിലെ അന്തിമ സീനിയോരിറ്റി പട്ടിക ട്രെയിനിംഗ് യോഗ്യത ഉദ്യോഗക്കയറ്റത്തിനുള്ള ഡി.പി.സി. (ഹയർ) ചേരുന്ന വേളയിൽ പരിശോധിക്കേണ്ടതാണെന്ന വ്യവസ്ഥയോടെ പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ O.A. 587/2025 നമ്പർ കേസിലെ പരാമർശം (4), (6) പ്രകാരമുള്ള ഉത്തരവുകൾ നടപ്പാക്കി അനുപാലന ഉത്തരവും പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
ചിത്ര കെ. ദിവാകരൻ,
ജോയിന്റ് സെക്രട്ടറി.

പകർപ്പ് :

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് മീഡിയ, ഐ & പി.ആർ.ഡി.

ഓഫീസ് കോപ്പി/കരുതൽ ഫയൽ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FINAL SENIORITY LIST OF SENIOR BIOLOGIST AS ON 31-5-2025

Rank No.	*PEN*	*Name*	*Date of Birth*	*Qualification (General)*	*Date of joining in the entry cadre*	*No.& Date of order of Present Post*	*Date of joining as Senior Biologist*
1	237261	Smt. Sabitha S.	6-1-1970	B.Sc. Zoology, DMLT	9-8-1999	G.O. (Rt.) No. 352/2024/ H&FWD, Dated 7-2-2024	29-2-2024
2	186835	Sri Mujeebur Rahuman J. K.	27-4-1971	B.Sc. Zoology, M.Sc. Microbiology, Health Inspector Training Certificate	10-8-1999	G.O. (Rt.) No. 2365/2024/ H&FWD, Dated 5-10-2024	9-10-2024
3	391007	Sri Binukuttan P.	15-7-1971	B.Sc. Zoology, Health Inspector Course	10-8-1999	G.O. (Rt.) No. 1462/2025/ H&FWD, Dated 29-5-2025	31-5-2025

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.23 10:02:44 +05:30